**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല – സോപാനം വാദ്യോത്സവം 2017 – പൊന്നാനി താലൂക്കിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.1424/2017/തസ്വഭവ                                        തിരുവനന്തപുരം, തീയതി, 05/05/2017

പരാമർശം:- 1. സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യം ഡയറക്ടർ സമർപ്പിച്ച 22.04.2017 ലെ അപേക്ഷ.
2. സ.ഉ.(എം.എസ്) 58/06/തസ്വഭവ തീയതി 16/02/2006.

**<u>ഉത്തരവ്</u>**

സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യത്തിന്റെ ആഭിമുഖ്യത്തിൽ 2017 മെയ് 7 മുതൽ 12 വരെ ദിവസങ്ങളിലായി എടപ്പാൾ പെരുമ്പറമ്പ് ശ്രീ മഹാദേവ ക്ഷേത്ര മൈതാനിയിൽ വെച്ച് ' സോപാനം വാദ്യോത്സവം 2017' എന്ന പേരിൽ 35 ഓളം കേരളീയ വാദ്യങ്ങളുടെ അവതരണവും, പഴയതും പുതിയതുമായ വാദ്യോപകരണങ്ങളുടെ പ്രദർശനവും, കേരളീയ കലാരൂപങ്ങളുടെ ചമയ പ്രദർശനം, സെമിനാറുകൾ, എന്നിവ അഞ്ഞൂറോളം വരുന്ന കലാകാരന്മാരുടെ പങ്കാളിത്തത്തോടെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ആയതിന് പൊന്നാനി താലൂക്കിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ധനസഹായം നൽകണമെന്നും പരാമർശം (1) പ്രകാരം ഡയറക്ടർ,സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യത്തിന്റെ ആഭിമുഖ്യത്തിൽ 2017 മെയ് 7 മുതൽ 12 വരെ 6 ദിവസങ്ങളിലായി എടപ്പാൾ പെരുമ്പറമ്പ് ശ്രീ മഹാദേവ ക്ഷേത്ര മൈതാനിയിൽ വെച്ച് നടത്തുന്ന ' സോപാനം വാദ്യോത്സവം 2017' ന് പൊന്നാനി താലൂക്ക് പരിധിയിലുള്ള മുഴുവൻ പഞ്ചായത്തുകളിൽ നിന്നും 10,000/- (പതിനായിരം) രൂപ വീതം ധനസഹായം നൽകുന്നതിന് അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യം ഡയറക്ടർ ആഡിറ്റ് ചെയ്ത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.വി.കെ.ബേബി.ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പകർപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിനായി)
ഡയറക്ടർ, സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യം, വാളയംകുളം പി.ഒ, കൊച്ചൂർ, മലപ്പുറം - 679 591.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ